കൺസ്യൂമർഫെഡ് നന്മ, നീതി, ത്രിവേണി സ്റ്റോറുകളുടെ തകർച്ച

118 (458) ശ്രീ. ജി. സുധാകരൻ :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. ടി. വി. രാജേഷ് :

ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർ ഫെഡ്, നന്മ, നീതി, ത്രിവേണി സ്റ്റോറുകൾ എന്നിവ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സാധിക്കുന്നില്ല എന്ന പരാതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഇത്തരം സ്ഥാപനങ്ങളെ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിച്ചില്ലെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) മുൻകാലങ്ങളിൽ പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിന് മുഖ്യപങ്ക് വഹിച്ചിരുന്ന ഇത്തരം സ്ഥാപനങ്ങൾ തകർച്ചയിലേക്ക് നീങ്ങിയെങ്കിൽ ആയത് ഭരണതര അനാസ്ഥയും കെടുകാര്യസ്ഥതയും മൂലമാണെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിലുള്ള കൺസ്യൂമർഫെഡ് , നന്മ, നീതി, ത്രിവേണി സ്റ്റോറുകൾ അവയുടെ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പ്രവർത്തിപ്പിക്കുന്നുണ്ട്.

584/16

LIBRARY ARCHIVES Kerala Legislative Assembly

(സി) മുൻകാലങ്ങളിൽ കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ ഉത്സവകാല വിപണന മേളകൾ, നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവയിലൂടെയാണ് പൊതുവിപണയിൽ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവന്നിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ നേരിട്ടുള്ള ആഭിമുഖ്യത്തിൽ 869-ഉം സഹകരണ സംഘങ്ങൾ മുഖാന്തിരം 1085-ഉം നന്മ സ്റ്റോറുകൾ ആരംഭിച്ചു പ്രവർത്തിച്ചു വരുന്നതും, ആയവയിലൂടെ വർഷം മുഴുവനും പൊതുവിപണയിൽനിന്നും 20% വരെ കുറഞ്ഞ നിരക്കിൽ അവശ്യ സാധനങ്ങൾ ലഭ്യമാക്കി വരുന്നതുമാണ്. കൂടാതെ സഞ്ചരിക്കുന്ന ത്രിവേണികൾ, ഫ്ളോട്ടിംഗ് ത്രിവേണികൾ എന്നിവയും ഈ സർക്കാരിന്റെ കാലത്ത് കൂടുതലായി ആരംഭിച്ചിട്ടുണ്ട്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ കൺസ്യൂമർഫെഡ് സ്ഥാപനങ്ങൾ ഗുരുതരമായ അനാസ്ഥയും കെടുകാര്യസ്ഥതയുംമൂലം തകർച്ചയിലേയ്ക്ക് നീങ്ങിയെന്ന ആക്ഷേപത്തിന് അടിസ്ഥാനമില്ല.

മിഷൻ 676-പലിശരഹിത വായ്പയും സഹകരണ മേഖലയിലെ നൂതന പദ്ധതികളും

119 (459) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. പി. എ. മാധവൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി പലിശ രഹിത വായ്പയും സഹകരണ മേഖലയിലെ നൂതന പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി സഹകരണ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly